(എ) പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷനുകളിലെ വാർഡ് വിഭജനം സംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വാർഡ് വിഭജനത്തിനുള്ള അധികാരം സ്വതന്ത്ര ഏജൻസിയായ സംസ്ഥാന ഇലക്ഷൻ കമ്മീഷനെ ഏൽപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ:

(ബി) വാർഡ് വിഭജനം സംബന്ധിച്ച് സർക്കാർ എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങളാണ് നല്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) വാർഡ് വിഭജനം സംബന്ധിച്ച് പരാതികൾ പരിഹരിക്കുന്നതിന് എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്:

(ഡി) ജനസംഖ്യയും വിസ്തീർണ്ണവും കണക്കിലെടുത്ത് വാർഡ് വിഭജനം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) വാർഡ് വിഭജനം നടത്തുമ്പോൾ വനിതകൾക്കും പട്ടികജാതിക്കാർക്കും സംവരണം ഉറപ്പുവരുത്തുമോ?

ഉത്തരം

(എ) വാർഡ് വിഭജനം സംബന്ധിച്ച് സർക്കാർ തലത്തിൽ നടപടി ഒന്നും ആവശ്യമില്ല. വാർഡ് വിഭജനത്തിനുള്ള അധികാരം സംസ്ഥാന ഇലക്ഷൻ കമ്മീഷനെ ഏല്പിച്ചിട്ടുണ്ട്.

(ബി) സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ല.

(സി) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വാർഡ് വിഭജനം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഭരണഘടനയുടെ 243-സി അനുച്ഛേദം അനുസരിച്ച് പഞ്ചായത്ത്‌രാജ് നിയമത്തിലെ 10-ാം വകുപ്പിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരവുമാണ് തെരഞ്ഞെടുപ്പുകമ്മീഷൻ വാർഡ് വിഭജനം നടത്തുന്നത്.

(ഇ) പരിശോധിക്കുന്നതാണ്.

140 (697) തിരുവനന്തപുരത്തെ മെട്രോപൊളിറ്റൽ നഗരമാക്കാനുള്ള നിർദ്ദേശം

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. പി.കെ.കെ. ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാന്ത പ്രദേശങ്ങളിലുള്ള അഞ്ച് പഞ്ചായത്തുകൾ കൂടി ചേർത്ത് തിരുവനന്തപുരം സിറ്റിയെ മെട്രോപൊളിറ്റൽ നഗരമാക്കാനുള്ള നിർദ്ദേശം നിലവിലുണ്ടോ;

(ബി) ഈ നിർദ്ദേശം നിലവിലുള്ള മുനിസിപ്പാലിറ്റീസ് ആക്ടിന് വിരുദ്ധമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കോർപ്പറേഷനോടുകൂടി ചേർക്കുന്നതിനെ സംബന്ധിച്ച് പഞ്ചായത്തുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അഭിപ്രായം ആരായുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നഗരസ്വഭാവം കൈവരിച്ചിട്ടുള്ള തിരുവനന്തപുരം നഗരസഭയോട് ചേർന്നുകിടക്കുന്ന അഞ്ച് ഗ്രാമപഞ്ചായത്തുകളെ നഗരസഭയിൽ ലയിപ്പിച്ച് നഗരസഭയുടെ വിസ്തൃതി വർദ്ധിപ്പിച്ചുകൊണ്ട് 1.10.2000 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകളെ നഗരസഭയോട് കൂട്ടിചേർക്കുന്നതിന് നിലവിലുള്ള കേരള മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്

(ഡി) ചോദ്യം ഉദിക്കുന്നില്ല.

141 (698) മാലിന്യസംസ്ക്കരണത്തിനുള്ള സംവിധാനം

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചപ്പുചവറുകൾ കുന്നുകൂടി കിടക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) മാലിന്യ സംസ്കരണത്തിന് ഇപ്പോൾ എന്തെങ്കിലും ആധുനിക സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) സംസ്ഥാനത്തെ മാലിന്യസംസ്കരണത്തിന് ഏതെങ്കിലും വിദേശ ഏജൻസികളുമായി ഗവൺമെന്റ് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ?

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കുന്നതിന് വേണ്ടത്ര സ്ഥലം ലഭ്യമാകാത്തതും സ്ഥലം ഉള്ളിടത്ത് ചവറ് സംസ്കരിക്കുന്നതിനെതിരായി പരിസരവാസികളുടെ എതിർപ്പും കാരണം മാലിന്യസംസ്കരണം തൃപ്തികരമായി നടത്തുന്നതിന് പല നഗരസഭകളും ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കുന്നുണ്ട്.

(ബി) ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതി 1997-98 വർഷം മുതൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രശ്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകി ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക് 1997-98, 1998-99 എന്നീ വർഷങ്ങളായി 100 ലക്ഷം രൂപ നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. മാലിന്യത്തിൽനിന്ന് ജൈവവളം ഉല്പാദിപ്പിച്ച് ശാസ്ത്രീയമായ മാലിന്യസംസ്കരണം നടത്തുവാൻ വലിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, പാലക്കാട് എന്നീ നഗരസഭകൾ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ചെറുകിടപ്ലാന്റുകൾ സ്ഥാപിക്കുവാൻ ഗുരുവായൂർ, വടകര, കൂത്തുപ്പറമ്പ്, തളിപ്പറമ്പ്, ചാവക്കാട്, മടവൂർ എന്നീ നഗരസഭകളും നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly